ഭരണ നവീകരണ പദ്ധതിപ്രകാരം കാസർകോട് ജില്ലയിൽ സ്കൂളുകൾക്ക് അനുവദിച്ച തുക

76 [3059] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നവീകരണ പദ്ധതിപ്രകാരം കാസർകോട് ജില്ലയിൽ ഏതെല്ലാം സ്കൂളുകൾക്ക് എത്ര വീതം തുകയാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സ്കൂളുകളിൽ ഏത് രീതിയിലുള്ള നവീകരണമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിപ്രകാരം അനുവദിച്ച തുക സ്കൂളുകൾക്ക് കൈമാറിയിട്ടുണ്ടോ?

ഉത്തരം

(എ) കാസർകോട് ജില്ലയിൽ ഭരണ നവീകരണ പദ്ധതിപ്രകാരം തുകകൾ അനുവദിച്ച സ്കൂളുകളും അവയ്ക്കനുവദിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഭരണ നവീകരണ പദ്ധതിമുഖേന സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക, പഠനഗുണനിലവാരം മെച്ചപ്പെടുത്തുക, സ്കൂൾ പ്രവേശനം സുതാര്യവും ജനകീയവുമാക്കുക തുടങ്ങിയ നവീകരണമാണ് ഉദ്ദേശിക്കുന്നത്.

(സി) പദ്ധതിപ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള തുകയിൽനിന്നും സ്കൂളുകൾ ഇതേവരെ ആവശ്യപ്പെട്ട തുകകൾ നൽകുന്നതിനായി ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

എയ്ഡഡ് ഹൈസ്കൂൾ അദ്ധ്യാപക തസ്തികയിൽനിന്നും പാർട്ട്-ടൈം ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരായി പ്രൊമോഷൻ ലഭിച്ചവർ

77 [3060] *ശ്രീ. ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ഹൈസ്കൂൾ അധ്യാപക തസ്തികയിൽനിന്നും പാർട്ട്-ടൈം ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരായി പ്രൊമോഷൻ ലഭിച്ച എത്ര

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/608/2012—14

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകർക്ക് ജി. ഒ. (എംഎസ്.) 351/2004/ജനറൽ എഡ്യൂ. തീയതി 20-11-2004 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫുൾടൈം അധ്യാപകരായി അപ്രൂവൽ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവരിൽ എത്ര പേർക്ക് കുടിശ്ശിക ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇവർക്ക് എന്നത്തേക്ക് അപ്രൂവലും കുടിശ്ശികയും ലഭ്യമാക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) — (സി) സ്പെഷ്യൽ റൂൾസ് നിലവിൽവരുന്നതിനുമുമ്പ് എയ്ഡഡ് സ്കൂളുകളിൽ തസ്തികമാറ്റംവഴി ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ ജൂനിയറായി നിയമിച്ചിട്ടുള്ള എല്ലാ അദ്ധ്യാപകർക്കും ജി.ഒ.(എംഎസ്.)351/04/പൊ.വി. തീയതി 20-11-2004 പ്രകാരം ഹയർ സെക്കണ്ടറി സീനിയർ ടീച്ചേഴ്സിന്റെ ശമ്പള സ്കെയിൽ അനുവദിച്ചിട്ടുണ്ട്. ഈ ഉത്തരവുപ്രകാരം ലഭിക്കാനുള്ള കുടിശ്ശിക ആനുകൂല്യങ്ങൾ ബന്ധപ്പെട്ട അദ്ധ്യാപകരുടെ പ്രോവിഡന്റ് ഫണ്ടിൽ ക്രെഡിറ്റ് ചെയ്യുമെന്നും 30-11-2009-നുശേഷമോ റിട്ടയർമെന്റ് വരെയോ ഏതാണ് ആദ്യമെന്നാൽ അപ്പോഴേ പ്രസ്തുത തുക പിൻവലിക്കാൻ പാടുള്ളൂ എന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രൊപ്പോസലുകൾ സമർപ്പിച്ച എല്ലാവർക്കും ഫുൾടൈം ആയി നിയമനാംഗീകാരം നൽകിക്കഴിഞ്ഞു.

അപ്പർ പ്രൈമറി മലയാളം വിദ്വാന്മാരുടെ പ്രമോഷൻ

78 [3061] *ഡോ. തോമസ് ഐസക്:*

ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അപ്പർ പ്രൈമറി സ്കൂളുകളിൽ പി. ഡി. ടീച്ചർമാരായി എത്ര മലയാളം വിദ്വാന്മാർ ജോലി ചെയ്യുന്നു. ഇവർ സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും എത്രവീതം ഉണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവരിൽ എത്ര പേർക്ക് ഹെഡ്മാസ്റ്റർ ആയി പ്രമോഷൻ നൽകിയിട്ടുണ്ട്; ഇല്ലെങ്കിൽ കാരണങ്ങൾ വിശദമാക്കുമോ;

(സി) ഹെഡ്മാസ്റ്റർ ആയി പ്രമോഷൻ നൽകണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആര് സമർപ്പിച്ചുവെന്നും അതിനുമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly